| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| **ആറാം സമ്മേളനം** | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1182 | | **13-12-2012 - ൽ മറുപടിക്ക്** | |
| **ഹയർസെക്കന്ഡറി സ്കൂളുകളിലെ പ്ലാൻ ഡെപ്പോസിറ്റ്** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. എം. എ. ബേബി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിലെ പി.ഡി.(പ്ലാൻ ഡെപ്പോസിറ്റ്) അക്കൗണ്ടിലെ പണം ഹയർസെക്കൻഡറി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റാൻതീരുമാനിച്ചിട്ടുണ്ടോ; | (എ) | സ.ഉ (സാധാ) നം.4217/12/പൊ.വി.വ തീയതി 7..9..2012 പ്രകാരം ഹയർ സെക്കൻഡറി സ്കൂളുകളിലെ പി.ഡി. അക്കൗണ്ടിലെ പണം ഹയർസെക്കൻഡറി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റാൻ ഉത്തരവ് നൽകിയിരുന്നു. എന്നാൽ പെരുന്ന എൻ.എസ്.എസ്. സ്കൂൾ ജനറൽ മാനേജർ ഡബ്ളിയു. പി. സി നം.25580/12 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് ബഹു. കേരള ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ? | (ബി) | ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ പേർസണൽ ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ട തുക വിദ്യാർത്ഥികളുടെ ക്ഷേമത്തിന് വേണ്ടി മാത്രം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ്. |

സെക്ഷൻ ഓഫീസർ